# ഇൻഫർമേഷൻ കേരള മിഷൻ

തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം - 695003

നം. 86/ടിഎസ്ഐഎം/2016/ഐകെഎം തീയതി: 18.01.2016

## <u>സർക്കുലർ</u>

വിഷയം : പഞ്ചായത്തുകളിൽ നാഷണൽ ഓപ്റ്റിക് ഫൈബർ നെറ്റ്‌വർക്ക് (NOFN) ഉപയോഗം നടപ്പാക്കുന്നത് സംബന്ധിച്ച്.

സൂചന : 10.09.2015 തീയതിയിൽ വിവര സാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനം.

മേൽ സൂചനയിലെ തീരുമാന പ്രകാരം പഞ്ചായത്തുകളിൽ NOFN ഉപയോഗം നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകുകയും, പഞ്ചായത്തുകൾ തെരഞ്ഞെടുക്കേണ്ട ഇന്റർനെറ്റ് ഉപഭോഗ പ്ലാനും അവയുടെ സാങ്കേതിക വിശദാംശങ്ങളും സംബന്ധിച്ച് ഒരു സർക്കുലർ പുറപ്പെടുവിക്കാൻ ഇൻഫർമേഷൻ കേരള മിഷനെ (ഐ.കെ.എം) ചുമതലപ്പെടുത്തുകയും ചെയ്തു. BSNL അധികാരികളുമായി നടത്തിയ ചർച്ചകളെ തുടർന്ന് താഴെപ്പറയും പ്രകാരമുള്ള FTTH ഇന്റർനെറ്റ് പ്ലാൻ പഞ്ചായത്തുകൾക്ക് എടുക്കാവുന്നതാണ്. ഇന്റർനെറ്റ് പ്ലാനിന്റെ സാങ്കേതിക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| **Plan** | **BBG COMBO ULD 1495** |
| Data Usage | Unlimited, throttling |
| Bandwidth | 4 Mbps Upto 30 GB, 512 Kbps beyond |
| Fixed Monthly Charge | Rs 1,495 (Pay only for 11 months in Annual Payment Option) |
| Static IP | One @ Rs 2,000/- Per Annum |
| Annual cost | Rs 18,445 + Service Tax |

ഭാരത് ബ്രോഡ് ബാന്റ് നെറ്റ്‌വർക്ക് ലിമിറ്റഡ് (BBNL) പഞ്ചായത്തുകളിൽ മുൻപേ തന്നെ വിന്യസിച്ചിട്ടുള്ള ഒപ്റ്റിക്കൽ നെറ്റ്‌വർക്ക് ടെർമിനലുകൾ (ONT) തന്നെ BSNL-ഉം പ്രയോജനപ്പെടുത്തുന്നതിനാൽ വാർഷിക ഉപഭോഗ തുക, സ്റ്റാറ്റിക് I.P ചാർജ്ജ് എന്നിവ മാത്രം പഞ്ചായത്തുകൾ BSNL-ന് നൽകിയാൽ മതിയാകും. ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്, സുരക്ഷാ നിക്ഷേപം, മോഡം ഉപയോഗിക്കുന്നതിനുള്ള വാടക എന്നിവ നൽകേണ്ടതില്ല.

മേൽപ്പറഞ്ഞ പ്രകാരമുള്ള കണക്ടിവിറ്റി പഞ്ചായത്തുകളിൽ ലഭ്യമായിത്തുടങ്ങിയാൽ നിലവിൽ ഉപയോഗിച്ചുവരുന്ന മറ്റെല്ലാ ഇന്റർനെറ്റ് കണക്ഷനുകളും റദ്ദ് ചെയ്യാവുന്നതാണ്. ഈ കണക്ഷൻ ലഭ്യമാക്കുന്നതിനുവേണ്ടി ഇതോടൊപ്പം ചേർത്തിരിക്കുന്ന അപേക്ഷാ ഫോമിൽ പഞ്ചായത്ത് സെക്രട്ടറിയുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് സഹിതം താഴെപ്പറയുന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. തെരഞ്ഞെടുത്ത പ്ലാൻ, വാർഷിക പണം അടയ്ക്കൽ രീതി എന്നിവ വ്യക്തമായി പ്രസ്താവിച്ചിരിക്കേണ്ടതാണ്.

<u>വിലാസം</u>

ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് (BSNL)
സബ് ഡിവിഷണൽ എൻജിനീയറുടെ ഓഫീസ് [KAM-EB],
CTO ബിൽഡിങ്ങ്, എം.ജി. റോഡ്
തിരുവനന്തപുരം – 695 001

INFORMATION KERALA MISSION
Swaraj Bhavan
Nanthancode
Kowdiar P.O
TRIVANDRUM-695 003

സി.പി. സുരേഷ് കുമാർ
എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ

- പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
- ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
- എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
- എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
- BSNL EB, തിരുവനന്തപുരം സർക്കിൾ
- CGM (Projects), ഭാരത് ബ്രോഡ് ബാന്റ് നെറ്റ്‌വർക്ക് ലിമിറ്റഡ് (BBNL)

പകർപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഐ.ടി മിഷൻ